ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽനിന്നോ, രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽനിന്നോ വെളിവായിട്ടില്ലാത്തതാണ്.

(ബി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കൊച്ചിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്.

(സി) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ നടത്തിവരുന്നതായി പോലീസിന് പരാതികളോ, റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്യാത്തത്.

(ഡി) കറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ടാകുന്ന കറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും പൊതുജന സുരക്ഷയ്ക്കും നാടിന്റെ സുരക്ഷയ്ക്കും ശരിയായ രീതിയിലുള്ള ക്രമസമാധാനപാലനം നടത്തുന്നതിനും ജനങ്ങളുടെ സമാധാനം കാത്തുസൂക്ഷിക്കുന്നതിനും പര്യാപ്തമായ പോലീസ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുവാൻ പോലീസ് സദാ ജാഗരൂകരാണ്. അതിനാൽ സമാന്തര പോലീസ് സ്റ്റേഷൻ ഉണ്ടാകേണ്ടതായ ഒരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല.

(ഇ) കൊച്ചിയിൽ സമാന്തര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നുവെന്ന ഒരു റിപ്പോർട്ട് പോലീസ് കോടതിയിൽ നൽകിയിട്ടില്ല.

തീരദേശ പരിപാലന നിയമം

18 (*168) ഡോ. കെ. ടി. ജലീൽ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ അകറ്റുന്നതിനിടയാക്കുന്ന നിയമങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വർഷങ്ങളായി താമസിച്ചുവരുന്ന തീരദേശത്ത്, വീടുകൾ പുതുക്കുന്നതിനും നിർമ്മിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് കഴിയാത്ത അവസ്ഥയെപ്പറ്റി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലെ നിയമംമൂലം തീരദേശ നിവാസികളുടെ കൈവശഭൂമിക്ക് പട്ടയം നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കടലിന്റെ മക്കൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഇത്തരം നിയമങ്ങൾ തിരുത്തുമോ ;

(ഇ) തീരദേശ നിവാസികൾ നേരിടുന്ന ജീവിത പ്രയാസങ്ങൾ പഠിക്കുന്നതിനും, അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവുകൾ നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിയമത്തിൽ ഇളവുകൾ നൽകിക്കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) നിലവിലെ തീരദേശ പരിപാലന നിയമം പട്ടയം നൽകുന്നതിന് ബാധകമല്ല.

(ഡി) നിലവിലുള്ള നിയമത്തിൽ ഇളവ് വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെടുന്നുണ്ട്.

(ഇ) തീരദേശ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആ മേഖലയിൽ വസിക്കുന്നവരുടെ പരാതികൾ പരിഗണിച്ചാണ് തീരപരിപാലന നിയമത്തിൽ ഇളവുകൾ നല്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനക്കായി നിർദ്ദേശം സമർപ്പിച്ചത്. തീരദശ പരിപാലന നിയമത്തിൽ ഇളവുകൾ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

ഹെലിക്യാമറകളുടെ ഉപയോഗത്തിന് നിയന്ത്രണം

19 (*169) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെലിക്യാമറകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly